# പ്രതിരോധത്തിന്റെ ജാതിചരിത്രം വട്ടതലയുടെ കഥകളിൽ

സാഹിത്യകൃതികളിൽനിന്നുള്ള ചരിത്രവായനയുടെ സാധ്യത പണ്ഡിതന്മാർ മുമ്പുതന്നെ തിരിച്ചറിഞ്ഞിട്ടുണ്ട്. കല്പനയുടെ അംശം മാററി നിർത്തിയാൽ പല സാഹിത്യകൃതികളും സാമൂഹിക ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങൾ അവതരിപ്പിക്കുന്നവയാണ്.

ഇതു തിരിച്ചറിയാൻ ഇവയുടെ പുറംവായന മാത്രം മതിയാവുകയില്ല. കൂടുതൽ ആഴത്തിൽ പരിശോധിക്കുമ്പോഴാണ് അത്തരം കൃതികളുടെ ചരിത്രപ്രാധാന്യം നമുക്കു ബോധ്യമാകുക. വേദങ്ങളും ഇതിഹാസങ്ങളും പുരാണങ്ങളും ഇത്തരം വായനക്ക് വിധേയമാക്കപ്പെട്ടിട്ടുണ്ട്. ചരിത്രത്തെ ആ രൂപത്തിൽതന്നെ എഴുതി സൂക്ഷിക്കുന്ന രീതി ഇന്ത്യയിൽ അത്ര വികസിതമല്ലാതിരുന്നതിനാൽ ചരിത്രനിർമ്മിതിക്ക് സാഹിത്യകൃതികളെ ആശ്രയിക്കാതെ മാർഗ്ഗമില്ല എന്നത് ചരിത്രകാരന്മാർ തിരിച്ചറിഞ്ഞു.[1]

കേരളത്തിന്റെ ചരിത്രനിർമ്മിതിയ്ക്കും പലപ്പോഴും സാഹിത്യകൃതികളെ ആശ്രയിക്കേണ്ട അവസ്ഥയാണുള്ളത്. കേരളമാഹാത്മ്യം, കേരളോല്പത്തി, മണിപ്രവാളകൃതികൾ എന്നിവയെല്ലാം കേരളത്തിന്റെ പൂർവ്വകാലം പഠിക്കാനായി പണ്ഡിതന്മാർ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അതായത് ചരിത്രത്തെ സാഹിത്യരൂപങ്ങളിൽനിന്നും വേർതിരിച്ചെടുക്കാൻ സാധ്യമാണ് എന്ന കണ്ടെത്തൽ ചരിത്രപഠനത്തിനു വലിയ മുതൽക്കൂട്ടായി.

എഴുത്തുകാരന് തന്റെ സാമൂഹികപരിസരത്തിൽനിന്നും

വേറിട്ടൊരു ജീവിതം സാധ്യമല്ല എന്ന തിരിച്ചറിവാണ് പ്രധാനമായും ചരിത്രവായനയ്ക്കായി സാഹിത്യകൃതികളെ ഉപയോഗിക്കുന്നതിലേക്ക് പണ്ഡിതന്മാരെ നയിക്കുന്നത്. ഇത്തരത്തിലുള്ള കൃതികൾ പ്രാചീന മധ്യകാലങ്ങളിൽ മാത്രമല്ല ആധുനികകാലത്തും ധാരാളമായി രചിയ്ക്കപ്പെട്ടിട്ടുണ്ട്. കേരളത്തിൽ 19-ാം നൂററാണ്ടിൽ രചിക്കപ്പെട്ട പല നോവലുകളും അക്കാലത്തെ സാമൂഹികജീവിതത്തെ പ്രതിനിധാനം ചെയ്യുന്നവയാണ്.[2] 'ഇന്ദുലേഖ', 'സുകുമാരി', 'സരസ്വതീ വിജയം' തുടങ്ങിയവ എടുത്തു പറയേണ്ടവയാണ്.

നോവൽ മാത്രമല്ല, ചെറുകഥ, നാടകം, കവിത തുടങ്ങിയവയെയും ഇത്തരം വായനയ്ക്ക് വിധേയമാക്കാവുന്നതാണ്. ഇവ പങ്കുവെക്കുന്ന ജീവിതാനുഭവങ്ങൾ, സാമൂഹിക പ്രതിരോധങ്ങൾ, പ്രതിഷേധങ്ങൾ എന്നിവയെ വായിച്ചെടുക്കുവാൻ പററുന്ന രീതിയിൽ അവതരിപ്പിക്കപ്പെടുമ്പോൾ അവ അക്കാലത്തെ നേർസാക്ഷ്യങ്ങളായി മാറുന്നു.

ഇന്ത്യയിലെ സാമൂഹികജീവിതത്തിൽ പരമപ്രധാനഘടകമാണ് ജാതി. എങ്ങനെ ഉത്ഭവിച്ചതെന്നറിയാത്ത[3], സമസ്തമേഖലയിലും ആഴ്ന്നിറങ്ങിയ, ഇന്ത്യയിലെ ഏതു വിദൂരമേഖലയെയും ഗ്രസിച്ചു നിൽക്കുന്ന ഒന്നാണത്. ഒരാളുടെ തൊഴിൽമുതൽ ഭക്ഷണരീതിവരെ നിയന്ത്രിച്ചിരുന്നത് ജാതിയായിരുന്നു. സമ്പത്തിന്റെ ഉത്പാദനത്തിൽ ഏർപ്പെട്ടിരുന്ന താഴ്ന്നവിഭാഗങ്ങൾക്ക് ഇതിന്റെ ഗുണഫലങ്ങൾ കിട്ടിയിരുന്നില്ല. കേരളത്തെ സംബന്ധിച്ചും ഇത് യാഥാർത്ഥ്യമാണ്. പ്രവൃത്തിവിഭജനം, സ്വകാര്യസ്വത്ത്, കാര്യക്ഷമമായ ഭരണരീതി, കല, ശാസ്ത്രം, സാഹിത്യം ഇവയെല്ലാം ഏവരുടെയും കഷ്ടപ്പാടിന്റെ ഫലമായാണ് വളർന്നു വന്നത്. ജാതി ജന്മി നാടുവാഴി വ്യവസ്ഥ ആദ്യകാലത്തിൽ ഏവരെയും കഷ്ടപ്പെടുത്തിയെങ്കിലും അത് സമൂഹത്തെ മുന്നോട്ടു കൊണ്ടുപോയി. ഈ പുരോഗതിയെ ഒരു പിടി ഉയർന്ന വർഗ്ഗക്കാർ സ്വന്തമാക്കിയപ്പോൾ ഇത് സമൂഹത്തെയാകെ പിന്നോക്കം വലിക്കുകയാണുണ്ടായത്.[4]

ഇരുപതാം നൂററാണ്ടിന്റെ ആദ്യകാലഘട്ടത്തിൽ കേരളത്തിലെ ഉയർന്നജാതിയും താഴ്ന്നജാതികളും തമ്മിലുള്ള വിടവ് വളരെ വലുതായിരുന്നു. കേരളം ഇന്ത്യയിലെ ഏററവും ജാതിബാധിത ഭാഗമായി പൊതുവിൽ കണക്കാക്കപ്പെട്ടിരുന്നു[5]. താഴ്ന്നജാതിക്കാരുടെ ജീവിതം ദുരിതമയമായിരുന്നു. സഞ്ചാരസ്വാതന്ത്ര്യം, വിദ്യാഭ്യാസ സൗകര്യം എന്നിവ ഉണ്ടായിരുന്നില്ല. കിണർ, കുളം തുടങ്ങിയവ തൊടാൻ പോലും പാടില്ല. ദൃഷ്ടിയിൽപോലും പെടാൻ പാടില്ലാത്തവരായിരുന്നു ഇവർ[6].

വെറും കൃഷി ഉപകരണമായിട്ടായിരുന്നു ഇവർ കണക്കാക്കപ്പെട്ടിരുന്നത്. പട്ടിണിയിൽനിന്നും ഒരിക്കലും ഇവർക്കു മോചനമില്ലായിരുന്നു. യജമാനൻ തങ്ങളെ തീററിപ്പോററുന്നു എന്ന ധാരണയായിരുന്നു അധഃസ്ഥിതർക്ക് ഉണ്ടായിരുന്നത്. ഒററമുറി കുടിലിൽ മൺപാത്രങ്ങൾ മാത്രം ഉപകരണങ്ങളായി അവർ ജീവിച്ചു. മിക്കവാറും കുടിൽ വയലിനരികിലോ കുന്നിൻ ചെരിവിലോ ആയിരുന്നു[7]. കേരളത്തിൽ പുലയ, പറയ വിഭാഗങ്ങളാണ് പരമ്പരാഗതമായി അടിമകളായി കണക്കാക്കപ്പെട്ടിരുന്നത്.[8] നാട്ടുവാഴികളെന്ന അധികാരവും വൻകിട ജന്മിമാരെന്ന സ്ഥാനവും കൈക്കലാക്കിയ നമ്പൂതിരിമാരുടെ ഉഗ്രശാസനത്തിനു കീഴിൽ പറയരും മററു അധഃസ്ഥിതരും മർദ്ദിച്ചൊതുക്കപ്പെട്ട് അടിമകളും അടിയാന്മാരുമായി. കുനിൻമേൽ കുരുവെന്ന പോലെ അയിത്തവും അവരെ ചൂഷ്ണനിന്നു[9].

മൃഗങ്ങൾക്കു പോലും ഇതിലേറെ സ്വാതന്ത്ര്യമുണ്ടായിരുന്നു. അവയ്ക്ക് ഏതുവഴിയും സഞ്ചരിക്കാമായിരുന്നു. അവയെ ആരും ആട്ടിയോടിച്ചിരുന്നില്ല[10]. എന്നാൽ അധഃസ്ഥിതരുടെ ഓരോ ചലനവും സവർണർ നിർണ്ണയിച്ചിരുന്നു. കേരളത്തിൽ ജാതി ഭ്രവ്യടമാ സമ്പ്രദായവും അഭേദ്യമായിരുന്നു. ഈ ഉപരിജാതി-ജന്മി കൂട്ടായ്മ ഇവരുടെ ജീവിതം ദുരിതമയമാക്കി[11].

ഈ അടിമജീവിതത്തിനെതിരായ പ്രതിരോധങ്ങൾ കേരളത്തിൽ ഏററവും ശക്തമായി നയിച്ചത് അയ്യങ്കാളി ആയിരുന്നു. 19- ാം നൂറ്റാണ്ടിലെ ഈ വിപ്ലവം അധഃസ്ഥിതർക്ക് നൽകിയ ആത്മവിശ്വാസം കുറച്ചൊന്നുമല്ല. എന്നാൽ പിന്നെയും കാര്യങ്ങൾ എളുപ്പമായിരുന്നില്ല. അത്രമേൽ ആഴത്തിൽ വേരുന്നിയിരുന്നു, ജാതീയത കേരളത്തിൽ.

അധഃസ്ഥിതന്റെ പ്രതിരോധങ്ങൾ പല എഴുത്തുകാരും കഥകളിലൂടെ അവതരിപ്പിച്ചിട്ടുണ്ട്. അവരിൽ പ്രമുഖനാണ് ടി.കെ.സി. വടുതല. അടിമകളായ പുലയരുടെ ജീവിതപരിച്ഛേദങ്ങളാണ് ടി.കെ. സി. വടുതലയുടെ പല കഥകളും. ടി.കെ.സി. വടുതലയും സി. അയ്യപ്പനും രചിച്ച കഥകൾ കേരളത്തിലെ സാമൂഹിക സാംസ്കാരിക വ്യവസ്ഥകളെ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടാണ്. അക്കാരണം കൊണ്ടു തന്നെ അവയ്ക്ക് വലിയ പ്രാധാന്യമുണ്ട്[12]. പല കഥാകൃത്തുക്കളും കീഴാള കഥകളോട് നിഷേധാത്മക സമീപനം പുലർത്തിയപ്പോൾ തിരുത്തുമായി മുമ്പോട്ടു വന്ന ആദ്യത്തെ സാഹിത്യകാരനായിരുന്നു ടി.കെ. സി. വടുതല[13].

കേരളത്തിലെ അധഃസ്ഥിതരുടെ ജീവിതമെഴുതിയ ടി.കെ.സി. വടുതലയുടെ കഥകളിലെ കീഴാളപ്രതിരോധത്തെ മുമ്പു നാം കണ്ട ചരിത്രപശ്ചാത്തലത്തിൽ അന്വേഷിക്കുകയാണ് ഈ പഠനത്തിലൂടെ.

പാടത്തു പണിയെടുക്കുന്ന അടിയാൻ യജമാനന്റെ സ്വത്താണെന്നതായിരുന്നു ഉപരിവർഗജന്മിമാരുടെ മേൽക്കോയ്മാകാലത്തെ പൊതുയുക്തി. പോത്തേരി കുഞ്ഞമ്പുവിന്റെ 19-ാം നൂററാണ്ടിലെ 'സരസ്വതീവിജയം' എന്നനോവലിൽ ജന്മിയായ കുബേരൻ നമ്പൂതിരിയുടെ കാര്യസ്ഥൻ ഒരു അടിയാനെ വയലിൽവെച്ച് പാട്ടുപാടിയതിന് ചവുട്ടിക്കൊല്ലുന്നു. അത് ജന്മിക്ക് യാതൊരു വേവലാതിയും ഉണ്ടാക്കുന്നില്ല. മാത്രമല്ല, കാര്യസ്ഥന് ഉചിതമായ സ്ഥാനം നൽകുമെന്നും അയാൾ പ്രഖ്യാപിക്കുന്നു. കാര്യസ്ഥനും ജന്മിക്കുമെതിരെ കേസെടുക്കുകയും അവർക്ക് ഒളിവിൽ പോകേണ്ടിയും വരുന്നു. അപ്പോഴും കേസിന്റെ യുക്തി കുബേരൻ നമ്പൂതിരിക്കു മനസ്സിലാകുന്നില്ല. ഒരു അടിയാനെ ഒന്നു മർദ്ദിച്ചു. കഷ്ടകാലത്തിന് അയാൾ ചാകുകയും ചെയ്തു. അതിന് ഇത്ര ബഹളമെല്ലാം ആവശ്യമുണ്ടോ എന്നതായിരുന്നു അയാളുടെ സംശയം.[14]

ഈ യുക്തി 20-ാം നൂററാണ്ടിലും കേരളത്തിൽ പ്രബലമായിരുന്നുവെന്നത് ചരിത്രവും വടുതലയുടെ കഥകളും ഒരു പോലെ വ്യക്തമാക്കുന്നു. എന്നാൽ ഈ അടിച്ചമർത്തലുകൾക്കെതിരായ പ്രതിരോധങ്ങൾ ഇക്കാലത്ത് ഏറെ ദൃശ്യമാകുന്നുണ്ട്. കുററവും ശിക്ഷയും[15] എന്ന കഥയിൽ ചീത എന്ന പുലയൻ വയറുവേദന കാരണം ജോലിക്കു പോകാത്തതിനാൽ ജന്മിയുടെ കാര്യസ്ഥനായ കിട്ടുണ്ണിയുടെ രോഷത്തിനു പാത്രമാകുന്നു. സന്ധ്യയായതോടെ കാര്യസ്ഥൻ രോഷാകുലനായി ചീതയുടെ കുടിലിനു മുമ്പിലെത്തുന്നു. നാട്ടുപ്രമാണിമാരായ നാരായണനും ചെരപ്പനന്തോണിയും കൂട്ടിനുണ്ട്. ചീത വയറുവേദന മൂലം കിടപ്പാണെന്നത് അവർ വിശ്വസിച്ചില്ല. മടി പിടിച്ചാണ് ജോലിക്കെത്താത്തത് എന്ന് കാര്യസ്ഥൻ ഉറച്ചു വിശ്വസിച്ചു. ആ അഹങ്കാരം അവസാനിപ്പിക്കാനാണ് അയാൾ റൗഡികളെയും കൂട്ടി കുടിലിലെത്തുന്നത്. അവർ കുടിൽ വലിച്ചു പറിച്ചു ദൂരേക്കിട്ടു. വയറുവേദനകൊണ്ടു പുളഞ്ഞ ചീതയെ കീറപ്പായോടു കൂടി എടുത്തു പുറത്തിട്ടു. ഒരു പൂവു പറിക്കുന്ന ലാഘവത്തോടെ പിഴുതെടുക്കാവുന്നതാണ് ഒരു പുലയക്കുടിൽ.

ഈ അതിക്രമം കണ്ട രണ്ടു ചെറുപ്പക്കാർ തേവനും പൂവനും ഓടിവന്നു അക്രമികളെ ചെറുത്തു. അതിനു ശേഷം അവിടെയെത്തിയ ആ കരയിലെ സകല പുലയരും വരിയെടുത്ത് ഒരു പുതിയ കുടിൽ അതേ

സ്ഥാനത്ത് നിർമ്മിച്ചു. ഈ ചെറുത്ത് നില്പ് കിട്ടുണ്ണി നായർക്ക് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. ഈ സംഭവം അയാളുടെ മനസ്സിൽ തീക്കനലായി. ഒരിക്കൽ അയാൾ നടന്നുവരുമ്പോൾ പൂവനും തേവനും എതിരെവന്നു. ഹൊ... ഹൊ... എന്നു കിട്ടുണ്ണിനായർ വിളിച്ചു. ബൂവോം.... ബൂവോം... എന്നു അവർ മുറ വിളിക്കണം. പിന്നെ ഇറങ്ങി നിന്ന് വഴി ശുദ്ധമാക്കണം. അവർ വഴി മാറിക്കൊടുക്കുവാൻ തയ്യാറായില്ല. അയാൾ വീണ്ടും ശബ്ദമുണ്ടാക്കി. അവർ പ്രതികരിച്ചില്ല. തുടർന്നു നടന്നത് ഇരുവിഭാഗവും തമ്മിലുള്ള സംഘർഷമാണ്. ചെരപ്പനന്തോണിക്കും കൂട്ടർക്കും തേവന്റെയും പൂവന്റെയും മേൽ ശാരീരികാധിപത്യം നേടാൻ കഴിഞ്ഞുവെങ്കിലും ഈ പ്രതിരോധം വളരെ നിർണായകമാണ്. കാരണം ഒരു പുലയൻ ശിക്ഷിക്കപ്പെടുന്നെങ്കിൽ അത് അവന്റെ കുററം കൊണ്ടു തന്നെയാണെന്ന് ധരിച്ചിരുന്ന[16] പുലയജനത പ്രതിരോധിക്കാൻ തയ്യാറായത് സാമൂഹിക പരിണാമത്തിലെ സുപ്രധാന അനുഭവമാണ്.

അടിയാനെ ചവിട്ടിത്തേയ്ക്കുന്ന ജന്മിയുടെയും അയാളുടെ കിങ്കരന്മാരുടെയും പീഡനം സഹിക്കവയ്യാതെ പ്രതികരിക്കുന്ന കണ്ടങ്കോരൻ എന്ന പുലയനാണ് 'എണ്ടെ വിതിയാ'[17] എന്ന കഥയിലൂടെ വടുതല പറയുന്നത്. വാസുദേവകൈമളുടെ അടിയാനാണ് കണ്ടങ്കോരൻ. തന്റെ തമ്പ്രാനുവേണ്ടി എന്തും ചെയ്യുന്ന ഉത്തമനായ അടിയാനാണ് കണ്ടങ്കോരൻ. ആ പ്രദേശത്ത് പുലയരുടെ ഇടയിൽ അവരുടെ അവകാശത്തെക്കുറിച്ച് ബോധവൽക്കരിക്കാൻ ശ്രമിച്ച പുലയനാണ് വള്ളോൻ. തങ്ങളുടെ അധീശത്വം വള്ളോൻ തകർത്തേക്കുമെന്ന പേടി കാരണം അയാളെ വകവരുത്താൻ കൈമൾ ചാക്കോച്ചനെന്ന റൗഡിയെ എർപ്പാടാക്കി. ഇതിനായി കണ്ടങ്കോരന്റെ സഹായവും അയാൾ അഭ്യർത്ഥിച്ചു. തമ്പ്രാന്റെ സേവനത്തിനായി ജീവിതം ഉഴിഞ്ഞുവെച്ച അയാൾക്ക് തന്റെ വർഗത്തെ ഉയർത്താനായി യത്നിച്ച വള്ളോനെന്ന വ്യക്തിയെ ചതിക്കുന്നതിൽ ഒരു ശരികേടും തോന്നിയില്ല. അന്ന് വള്ളോൻ പതിവായി വരുന്ന വഴിയിൽ ചാക്കോച്ചനും കണ്ടങ്കോരനും കാത്തുനിന്നു. സമയം കഴിഞ്ഞിട്ടും വള്ളോൻ എത്താത്തതിൽ കണ്ടങ്കോരന്റെ ആത്മാർത്ഥതയിൽ ചാക്കോച്ചനു സംശയം തോന്നി. അയാൾ കണ്ടങ്കോരനെ ആക്ഷേപിക്കുകയും മർദ്ദിക്കുകയും ചെയ്തു. രണ്ടു പ്രഹരങ്ങൾ അയാൾ സഹിക്കുകയും നിരപരാധിത്വം ഉറക്കെപ്പറയുകയുംചെയ്തു. ഇതൊന്നും വകവെക്കാതെ മൂന്നാമതും പ്രഹരിക്കാനായി തുനിഞ്ഞ ചാക്കോച്ചനെ കണ്ടങ്കോരൻ കാലുവലിച്ചു താഴെയിടുകയും കഠിനമായി പ്രഹരിക്കുകയും ചെയ്തു.

"കണ്ടങ്കോരാ, കർത്താവിനെ വിചാരിച്ച് എന്നെ കൊന്നേക്കരുതേ!"

"ഇപ്പ പട്ടി!" കണ്ടങ്കോരൻ അവന്റെ മുഖത്ത് നോക്കി ഒരാട്ടുകൊടുത്തു. തുടർന്നു രണ്ടു മൂന്നു തൊഴിയും. "നിണ്ട പണി ഏൻ തന്നെ കയ്ച്ചെക്കാടാ, കണ്ടാന്ത മോനെ! ആ ക്ടാത്തൻ അണ്ണേ പറഞ്ചതാ, ഈ വലിയവന്മാരീട്ട കൂടരുതെണ്ണ്. അവണ്ട വാക്ക വീതി നന്നാകാൻ നോക്കിയതിണ്ട കൂലി ഇതാണ് അല്ലെങ്കി എന്തിനു പറേണ് ഇതൊക്കെ ഏണ്ട വിതിയാ" പരാക്രമത്തിനിടയ്ക്കു കണ്ടങ്കോരൻ ജല്പിച്ചു[18]. അവസാനം വർഗസ്വഭാവം അയാൾ തിരിച്ചറിയുകയാണ്. തന്റെ വർഗത്തിനായി കഷ്ടപ്പെടുന്ന വള്ളോനെന്ന അധഃസ്ഥിതരുടെ നേതാവിനെ അയാൾ സ്മരിക്കുന്നു.

പ്രതിരോധത്തിന്റെ മറെറാരു കഥയാണ് 'വേദനയോടെ വിഷാദത്തോടെ'.[19] കഥ തുടങ്ങുന്നത് 75 വയസ്സു കഴിഞ്ഞ കറുത്ത കുഞ്ഞിന്റെ ഓർമ്മയിൽ നിന്നാണ്. പ്രായബന്ധ രോഗങ്ങൾ കാരണം ഡോക്ടറെ കാണാൻ ചെന്നതാണ് അയാൾ. ഡോക്ടറുടെ മുറിയിൽ ഒരു സ്ത്രീയുടെ ചിത്രം തൂക്കിയിട്ടിട്ടുണ്ട്. ആ ചിത്രം അയാളിൽ പഴയ ഓർമ്മകൾ കൊണ്ടു വന്നു. അയാളുടെ ചെറുപ്പകാലത്ത് സ്ത്രീകൾ മാറുമറയ്ക്കാൻ പാടില്ലായിരുന്നു; കല്ലു മാലയണിയണം. ഈ നിയമങ്ങൾ തെററിച്ചവരെ മേലാളന്മാർ ശിക്ഷിച്ചു, മർദ്ദിച്ചു, നശിപ്പിച്ചു. അതിനെ എതിർത്തുകൊണ്ട് ഒരു നേതാവ് പ്രത്യക്ഷനായി ഗോപാലദാസ്. അയാൾ പ്രസംഗിച്ചു നടന്നു സ്ത്രീകൾ കല്ലുമാല ഊരണം, കണങ്കാൽ വരെ വസ്ത്രം ധരിക്കണം.

പഴമക്കാർ ഭയന്നു: "തമിരു തമ്പ്രാക്കള് പെണങ്ങുകേലേ?[20]"

എന്നാൽ യുവതലമുറ ആവേശം കൊണ്ടു. ഇതോടനുബന്ധിച്ച് പുലയയോഗം ചെറുകുന്നിൽ ചേർന്നു. വലിയ ജനസഞ്ചയം. സ്ത്രീകൾ കല്ലുമാല പൊട്ടിച്ചു പ്ലാററുഫോമിലിട്ടു. അവിടെ കൂമ്പാരമായി, കല്ലുമാലകൾ. റൗഡികളായ മാതുപ്പിള്ളയും കുഞ്ചുപ്പിള്ളയും വേദിയിൽ കയറി ബഹളമുണ്ടാക്കി. അത് വലിയ അടിപിടിയിൽ കലാശിച്ചു.

കല്ലുമാല സമരം ചരിത്രത്തിന്റെ ഭാഗമാണ്. ഗോപാലദാസ് എന്ന നേതാവും അവർക്കുണ്ടായിരുന്നു. എന്നാൽ ആ യോഗം സംഘർഷഭരിതമായതിനാൽ കല്ലുമാല പൊട്ടിച്ചെറിയാൻ അവർക്കു കഴിഞ്ഞിരുന്നില്ല. എന്നാൽ പ്രതിരോധത്തിന്റെ തീക്ഷ്ണമായ അഗ്നി ജ്വലിപ്പിക്കാൻ അവർക്കായി[21]. ഹിന്ദുമതത്തിലെ ജാതി പീഡനത്തെക്കുറിച്ച്

ഇ. മാധവൻ ഇപ്രകാരം എഴുതി: "ഹിന്ദുമത ജന്തുവിന്റെ വാലായി തൂങ്ങിക്കിടക്കുന്നതു കൊണ്ട്, ഈ ഏച്ചയാട്ടുന്ന അപമാനകരമായ നില ഇനിയും അധഃകൃതർ എടുക്കുമെന്നു കരുതേണ്ട[22]"

അടിയാളന്മാർ സമ്പത്തുണ്ടാക്കിയാലും ജാതിയുടെ നീരാളിപ്പിടുത്തത്തിൽ നിന്നും മോചനമില്ല. പണം അയാളുടെ ജാതി വ്യവസ്ഥയ്ക്ക് യാതൊരു മാററവും വരുത്തുന്നില്ല. 'നിനക്കുളുമതി'[23] എന്ന കഥയിൽ ശങ്കരൻ എന്ന മുൻപട്ടാളക്കാരന്റെ ജീവിതം ഈ സന്ദേശമാണ് നൽകുന്നത്. പട്ടാളത്തിൽ ചേരുന്നതിനു മുമ്പ് ശങ്കരൻ നാട്ടിലെ ക്ഷുരകനായിരുന്നു. വീടുകൾ തോറും കയറി അയാൾ ജോലിചെയ്തു. സമൂഹത്തിന്റെ ഒററപ്പെടുത്തലും അമ്പട്ടനെന്ന കളിയാക്കലും അയാൾക്കുമടുത്തു. തുടർന്ന് ജോലി ഉപേക്ഷിച്ച് അയാൾ പട്ടാളത്തിൽ ചേർന്നു. ശങ്കരനും കുടുംബവും ഗോവിന്ദൻനായരെന്ന ജന്മിയുടെ ആശ്രിതന്മാരായിരുന്നു. അയാളുടെ പറമ്പിൽ കുടിൽ കെട്ടിയാണ് അവർ പാർത്തിരുന്നത്. പട്ടാളജീവിതം മതിയാക്കി തിരിച്ചുവന്ന അയാൾക്ക് ഒരേയൊരു മോഹമാണ് ഉണ്ടായിരുന്നത്. സ്വന്തമായി ഒരു പിടിമണ്ണും അവിടെ ഒരു വീടും വേണം. ഒരു ദിവസം അയാൾ വിനയപുരസ്സരം ഇക്കാര്യം ഗോവിന്ദൻനായരോട് പറഞ്ഞു. ഗോവിന്ദൻനായർ അനുകൂലമായി മറുപടി നൽകി. പുത്തരിക്കണ്ടത്തിനടുത്തുള്ള പറമ്പു വിലയ്ക്ക് നൽകാമെന്ന് അയാൾ പറഞ്ഞു. തന്റെ ജീവിതാഭിലാഷം സാക്ഷാത്കരിക്കുന്നതിൽ ശങ്കരൻ ആഹ്ലാദിച്ചു. അയാൾ തന്റെ കൈവശമുള്ള പണം ജന്മിയെ ഏല്പിച്ചു. എന്നാൽ ആധാരമെഴുത്തു നടന്നില്ല. പല തവണ ഓർമ്മിപ്പിച്ചെങ്കിലും വിവിധ കാരണങ്ങൾ പറഞ്ഞ് രജിസ്ട്രേഷൻ നീട്ടിക്കൊണ്ടു പോയി. അവസാനം ഒരു ദിവസം ആധാരം തയ്യാറായതായി ജന്മി പറഞ്ഞു. അലമാരയുടെ മുകളിൽ വെച്ചിരിക്കുന്ന പൊതി അഴിച്ചു നോക്കാൻ അയാൾ പറഞ്ഞു. ആഹ്ലാദത്തോടെ പൊതി അഴിച്ചു നോക്കിയപ്പോൾ അതിൽ ആധാരമുണ്ടായിരുന്നില്ല. പകരം കത്തി, കല്ല്, ചീർപ്പ് എന്നിവ. ഗോവിന്ദൻനായർ പരിഹാസപൂർവ്വം ശങ്കരനെ നോക്കി ചിരിച്ചട്ടഹസിച്ചു.

"കടന്നുപോടാ പുറത്ത്. നിനക്കു വേണ്ടതെന്തെന്ന് എനിക്കറിയാം. അതാണ് പൊതിയിൽ കരുതിയിട്ടുള്ളത്." ശങ്കരന് ദേഷ്യം സഹിക്കാനായില്ല. അയാൾ പൊതിയിൽ നിന്നും കത്രിക മാത്രം കയ്യിലെടുത്തു. പിന്നീട് ഗോവിന്ദൻനായരുടെ മേൽ ചാടിവീണു. ഗോവിന്ദൻനായർ വാവിട്ടു കരഞ്ഞു. മരണപരാക്രമത്തോടെ കൈകാലുകളിട്ടടിച്ചു.

അമ്പട്ടൻ ചെയ്യേണ്ടത് ക്ഷുരകവൃത്തിയാണ് അതാണ് ജാതി വ്യവസ്ഥ പറയുന്നത്[24]. ഈ ജാതിസത്യം ശങ്കരനെ ഓർമ്മിപ്പി ക്കുകയാണ് ജന്മി ചെയ്യുന്നത്. എന്നാൽ വഞ്ചിക്കപ്പെട്ട കീഴാളന്റെ പ്രതിരോധം ജന്മിയെ സ്തബ്ധനാക്കി. താൻ വർഷങ്ങളോളം അധ്വാനി ച്ചുണ്ടാക്കിയ സമ്പത്ത് തട്ടിയെടുത്ത ജന്മിയോട് ക്ഷമിക്കാൻ അയാ ൾക്കാകുമായിരുന്നില്ല. ശങ്കരന മുമ്പിൽ പരമ്പരാഗത ജാതി യുക്തി ഇല്ലാതായി. തന്റെ സമ്പത്തും അഭിമാനവും നശിപ്പിച്ച ജന്മിക്കെ തിരായ രോഷം അയാളിൽ നിറഞ്ഞു. വളരെക്കാലമായി മനസ്സിൽ അടിഞ്ഞു കൂടിയ പ്രതിഷേധാഗ്നിയാണ് ശാരീരികമായി ജന്മിയെ ആക്രമിക്കുന്നതിലേക്ക് അയാളെ എത്തിച്ചത്.

'മാറി വരുന്ന കാലം'[25] എന്ന കഥയിൽ വിദ്യാഭ്യാസം നേടിയ ഒരു അടിയാൻ ചെക്കൻ ജന്മിയുടെ അഹന്തയെ ചോദ്യം ചെയ്യുന്നത് നമുക്ക് കാണാം. കണ്ടാരി കുറുമ്പ ദമ്പതികളുടെ മകനാണ് കണ്ണ പ്പൻ. അവൻ പത്താംക്ലാസ് പാസായിട്ടുണ്ട്. യജമാനന്റെ നൂറു പറ കണ്ടത്തിൽ അന്ന് ജോലിക്കായി കണ്ടാരിക്ക് ആരെയും കിട്ടിയില്ല. അതുകൊണ്ട് അയാൾ തന്റെ മകനെയും കൂട്ടി പാടത്തേക്കിറിങ്ങി. ഉച്ച യായപ്പോൾ യജമാനൻ കുടവയറുമായി പണി കാണാനെത്തി. കുറച്ചു നേരം കഴിഞ്ഞ് അയാൾ തിരിച്ചുപോയി. പണികഴിഞ്ഞ ശേഷം കൂലി വാങ്ങാനായി ചെന്ന കണ്ടാരിയെ ജന്മി കഠിനമായി അധിക്ഷേപി ച്ചു. അധികം പേരെ ജോലിക്കായി ഇറക്കാത്തതിനെച്ചൊല്ലി ചീത്ത വിളിച്ചു. രോഷം പൂണ്ട അയാൾ കണ്ടാരിയെ തല്ലാനായി മുന്നോട്ടു വന്നു. ഈ സമയം കണ്ണപ്പൻ മുമ്പിൽ കയറി പറഞ്ഞു:

"കിളക്കാരെ കണ്ടുപിടിക്കുന്നതിന് അധികം കൂലിയൊന്നുമില്ല. കൂടുതലാളെ പണിക്കിറക്കണമെങ്കിൽ അന്വേഷിച്ചു കൊണ്ടുവന്നിറ ക്കണം. ഞങ്ങൾക്ക് ഇന്നു കിളച്ചതിന്റെ കൂലി കിട്ടിയാൽ മതി."

ജന്മി ആകെ തകർന്നുപോയി. അന്നുവരെ ആരും ഇത്തരമൊരു സാഹസത്തിനു മുതിർന്നിരുന്നില്ല. "എടാ പെലയാടി, നിന്നെ ഞാൻ..............."

കണ്ണപ്പന്റെ തൂമ്പാ ഉയർന്നു. അത് അയാളുടെ തലയിൽ ഏതു നിമിഷവും പതിക്കാം. ജന്മിക്ക് അപകടം ബോധ്യപ്പെട്ടു. അയാൾ പെട്ടെന്നു പിന്മാറി മാനംകാത്തു. വേലക്കൂലി വാങ്ങി പ്രമുഖന്റെ പടിക്കു പുറത്തു കടന്നപ്പോൾ കണ്ടാരിക്കു തോന്നി. താൻ ശ്വസിക്കു ന്ന വായുവിന് എന്തോ ഒരു പ്രത്യേകതയുണ്ടെന്ന്[26].

അധഃസ്ഥിതന്റെ ചെറുത്തു നില്പ് എല്ലായ്പ്പോഴും ജന്മിയുടെ അടിച്ചമർത്തലിനെതിരായി മാത്രമല്ല, മററു സാമൂഹിക വിപത്തുകൾക്കെതിരെയുമുണ്ടായിരുന്നു. 'ആ്ൻ മകാ ചീമേനി'[27] എന്ന കഥയിൽ അന്ധവിശ്വാസങ്ങൾക്കെതിരെയുള്ള ശക്തമായ പ്രതിരോധം നമുക്കു കാണാനാകും. കൊച്ചുകറുമ്പിയുടെ ഭർത്താവ് തേവൻ മരണപ്പെട്ടു. കുറച്ചുകാലം മാത്രമെ അവർ ഒന്നിച്ചു ജീവിച്ചുള്ളൂ. അവളെ പലരും മോഹിച്ചതാണ്. എന്നാൽ തേവനെയാണ് അവൾ ഭർത്താവായി സ്വീകരിച്ചത്. തേവന്റെ മരണശേഷം അവളെ വിവാഹം ചെയ്യാൻ വള്ളോൻ പലതവണ സമീപിച്ചു. എന്നാൽ അവൾ ഒഴിഞ്ഞു മാറി. കറുമ്പി രാത്രിയിൽ തേവനെ പലതവണ സ്വപ്നം കണ്ടു. അയാളുടെ ആത്മാവിനു മോക്ഷം കിട്ടാത്തതുകൊണ്ടാണ് സ്വപ്നത്തിൽ തേവൻ വരുന്നതെന്ന് അവൾ ഉറപ്പിച്ചു. അതിന്റെ പൊരുളറിയാൻ മരിച്ച ആളെ വെളിച്ചത്തുകൊണ്ടു വരാൻ പററിയൊരാളെ കിട്ടുന്നതിനായി അവൾ കാരണവരായ അയ്യപ്പൻ വാപ്പന്റെ ഉപദേശം തേടി. അയാളുടെ നിർദ്ദേശപ്രകാരം അവൾ പൂതങ്കേരി ചരതൻ മന്ത്രവാദിയെ സമീപിച്ചു.

ഇതറിഞ്ഞ വള്ളോൻ പറഞ്ഞു: "മന്ത്രവാദം കൊണ്ട് മരിച്ചവൻ ജീവിച്ചതായി ഇന്നു വരെ കേട്ടിട്ടില്ല[28]." അതു തന്റെ വിശ്വാസമാണെന്നും തെററിയാൽ അവരുടെ കൂടെ കൂടാം എന്നും കറുമ്പി മറുപടി നൽകി.

ചരതൻ മന്ത്രവാദി പാട്ടുപാടാൻ തുടങ്ങി. അതിന്റെ അവസാനം ചൂരൽവടി എടുത്ത് കറുമ്പിയെ സമീപിച്ചു. അവളുടെ മുടിക്കുട്ടിപ്പിടിച്ച ശേഷം തീകൊണ്ട് അയാൾ നെററി മുതൽ പൊക്കിൾ വരെ തലോടാൻ തുടങ്ങി. ആ സമയം അവിടെയെത്തിയ വള്ളോൻ മന്ത്രവാദിയെ ആഞ്ഞടിച്ചു. അബോധാവസ്ഥയിൽ വേച്ചുവീഴുന്ന കറുമ്പിയെ അയാൾ താങ്ങി. അയാൾ മന്ത്രവാദിയുടെ മുടിപിടിച്ചു വലിച്ചു. അതു പറിഞ്ഞു പോന്നു. മന്ത്രവാദിയുടെ സ്ഥാനത്ത് വസൂരി പിടിച്ചു ചത്തുപോയെന്ന് ഏവരും ധരിച്ചിരുന്ന കണ്ടങ്കോരൻ.

ഒരു മന്ത്രവാദിയെ ചോദ്യംചെയ്യുന്നത് അക്കാലത്ത് അചിന്ത്യമായിരുന്നു. അധഃസ്ഥിതരുടെ അന്ധവിശ്വാസത്തെ ചോദ്യംചെയ്യുന്ന വ്യത്യസ്തമായ കഥയാണ് 'ആ്ൻ മകാ ചീ മേനി' കീഴടങ്ങാൻ മാത്രമല്ല, വിശ്വാസത്തെപ്പോലും ചോദ്യം ചെയ്യാൻ അധഃസ്ഥിതനാകുമെന്ന് ഈ കഥയിലൂടെ വട്ടുതല കാണിച്ചു തരുന്നു.

അധഃസ്ഥിതൻ ഏതു സ്ഥാനത്തെത്തിയാലും അത് ഒരിക്കലും അംഗീകരിച്ചു കൊടുക്കുന്നതിന് ഉപരിജാതിക്കാർ തയ്യാറല്ലായിരുന്നു.

പിന്നാക്ക ജാതിക്കാരനായ ഡോ. പല്പുവിന്റെ അനുഭവം രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിനു തിരുവിതാംകൂറിലും കൊച്ചിയിലും ഗവ.ജോലി നൽകാൻ തയ്യാറാകാത്തതിനാൽ കേരളംതന്നെ വിട്ടു പോകേണ്ടി വന്നു. ഇനി ജോലി നൽകിയാൽ തന്നെ എങ്ങനെയായിരിക്കും അവരെപ്പോലുള്ളവരോടുള്ള പെരുമാററം എന്ന് 'പ്രസിഡണ്ടിന്റെ സന്ദർശനം'[29] എന്ന കഥ വ്യക്തമാക്കുന്നു. പ്രസിഡണ്ട് ഒരു ദിവസം ഡിസ്പെൻസറി സന്ദർശിച്ചു. പുലയനായ ഡോക്ടർ രാജനാണ് അവിടെ ചികിത്സ നടത്തുന്നത്. പ്രസിഡണ്ടും കൂട്ടാളികളും അവിടെ ചെന്നപ്പോൾ ചായകൊണ്ടുവരാൻ ഡോക്ടർ പറഞ്ഞു. ചായ വേണ്ടെന്നു പറഞ്ഞ അവർ മദ്യം കഴിക്കുവാൻ തുടങ്ങി. ഡോക്ടർ അതിനെ എതിർത്തു.

"എടാ നീയൊന്നും അത്ര വലുതാകണ്ട".

ഇരിപ്പിടത്തിൽ നിന്നും എഴുന്നേററു കൊണ്ടു പ്രസിഡണ്ട് ആക്രോശിച്ചു. ഡോക്ടർ തല കുനിച്ചില്ല. സീററിൽ നിന്നും എഴുന്നേററുകൊണ്ട് കൂസലില്ലാതെ പറഞ്ഞു:

"എടാ വാടാ എന്നു വിളിക്കാൻ കൊതിയുണ്ടെങ്കിൽ വീട്ടിൽച്ചെന്നു വേലക്കാരെ വിളിച്ചാൽ മതി."

"എത്രയായാലും നീയൊരു പുലയനല്ലേ?"

"ഒരു സംശയവും വേണ്ട. എന്റെ പൂർവ്വികർ മാർഗം കൂടാതിരുന്നത് എന്റെ കുററമല്ല." ഈ മറുപടി പ്രഥമന് ശിരസിൽ കിട്ടിയ അടിയായി മാറി. അടിയേററ സർപ്പത്തെപ്പോലെ അയാൾ പുളഞ്ഞു. ഡോക്ടറെങ്കിലെന്ത്? ജാതിയിൽ പുലയനല്ലെ? പ്രഥമനോട് അങ്ങനെയൊക്കെ പെരുമാറാമോ എന്നായിരുന്നു അവരുടെ നിലപാട്[30]. ഇത്തരമൊരു പ്രതികരണം ഒരിക്കലും അവർ പ്രതീക്ഷിച്ചിരുന്നില്ല. അധഃസ്ഥിതന്റെ പ്രതിഷേധത്തിന്റെ ശക്തി ജാതിമേലാളന്മാർ അറിഞ്ഞു തുടങ്ങി.

അടിയാളന്മാരുടെ മേലുള്ള പൂർണ്ണാവകാശം സ്ത്രീകളുടെ നേരെയുള്ള അതിക്രമങ്ങളായും മാറിയിട്ടുണ്ടെന്നത് ചരിത്രരേഖകൾ സാക്ഷ്യപ്പെടുത്തുന്നു. ഈ അനുഭവങ്ങൾ കഥാരൂപത്തിൽ വട്ടുതല അവതരിപ്പിക്കുന്നുണ്ട്. കടന്നുകയററങ്ങൾക്കെതിരെയുള്ള പ്രതിരോധമായാണ് ഈ കഥകളെ വായനക്കാർക്ക് കാണാൻ കഴിയുന്നത്.

'രണ്ടുതലമുറ'[31] എന്ന കഥ അനീതിക്കെതിരായുള്ള സ്ത്രീയുടെ പ്രതിഷേധത്തിന്റെയും പ്രതിരോധത്തിന്റെയും ചിത്രമാണ് വായനക്കാർക്ക്

നൽകുന്നത്. മാത്തു തമ്പ്രാന്റെ പ്രധാന പണിക്കാരനായിരുന്നു ചാത്തൻ. അയാൾ കാളി എന്ന പെണ്ണിനെ വേട്ടു. മാത്തു തമ്പ്രാന്റെ മരണശേഷം അടിയാന്മാരുടെ പല ആനുകൂല്യങ്ങളും മകൻ വർക്കി കവർന്നെടുത്തു. ആയിടയ്ക്കാണ് ചാത്തൻ പനിപിടിച്ചു മരിക്കുന്നത്. ചാത്തന്റെ മരണശേഷം ഭാര്യ കാളിയും മകൾ നീലിയും മാത്രമായി കുടിലിൽ. വർക്കിയെന്ന ജന്മി നീലിയെ തുടർച്ചയായി ശല്യംചെയ്തു തുടങ്ങി. നീലി അതിനെ ശക്തിയായി പ്രതിരോധിച്ചു. അവൾ ഒരു തരത്തിലും വഴങ്ങാൻ തയ്യാറല്ലായിരുന്നു. ഒരു ദിവസം വർക്കിയുടെ കാര്യസ്ഥൻ അവരുടെ കുടിലിൽ ചെന്നു. അതു പൊളിച്ചുകളഞ്ഞ് പുതിയ കെട്ടിടം പണിയാൻ വർക്കി തീരുമാനിച്ച വിവരം അറിയിച്ചു. അതിനു നീലിയുടെ മറുപടി ഇങ്ങനെയായിരുന്നു:

"ആരാണിപ്പ കുടിയിറക്കാൻ വന്നേക്കണത്? എങ്ങ ഇന്നാ ഇന്നലോ ഇങ്ങോട്ട് ഓടി വന്നതും മെച്ചേല്ല. എങ്ങട കാർന്നോരു കാലം തൊട്ടേ ഈ കുടി ഇവിടെ ഇരിക്കണതാണ്. എങ്ങടെ കാർന്നോര് മല വെട്ടി നെലമാക്കിത്തീർന്നപ്പം അതിന് ഓത്തൊരൊണ്ടായി. നിങ്ങ ചെന്ന് ആ തമ്പ്രാനിട്ടപ്പറഞ്ഞോര് ഇപ്പ എറങ്ങിത്തരാൻ മനത്തില്ലെന്ന്...."

അന്നു വൈകുന്നേരം വർക്കി തന്നെ നേരിട്ട് കുടിലിന്റെ മുററത്തെത്തി അവരെ അധിക്ഷേപിച്ചു. അയാൾ ചാക്കോച്ചേട്ടനോട് കുടിലു പൊളിക്കാൻ ആജ്ഞാപിച്ചു.

"സൂക്ഷിച്ചു വേണേ....... " നീലി മുന്നറിയിപ്പു നൽകി. ചാക്കോച്ചേട്ടൻ ഭീതിയും വ്യസനവും നിമിത്തം മുന്നോട്ടുവെച്ച കാൽ പുറകോട്ടു വലിച്ചു. വർക്കി അയാളെ മാററി സ്വയം മുമ്പോട്ടു കയറി. "നിങ്ങ കാലന ഏനിപ്പക്കാണിച്ചു തന്നേക്കാടാ."

കയ്യിൽക്കിട്ടിയ ഒരരിവാളുമായി നീലി വർക്കിയുടെ മുമ്പിൽ ചാടി വീണു." "... ... അയ്യാണ്ട മോളേ ചതിച്ചല്ലാടി..."[32] കാളി വാവിട്ടു നിലവിളിച്ചു.

സ്വന്തം മാനത്തിനു വിലപറഞ്ഞ ജന്മിയുടെ മുമ്പിൽ കീഴടങ്ങാത്ത സ്ത്രീത്വത്തിന്റെ പ്രതിരോധം നമുക്ക് ഈ കഥയിൽ കാണാൻ കഴിയുന്നു. വർഗപ്രത്യയശാസ്ത്രം സ്വാനുഭാവത്തിൽ നിന്നും കാര്യസ്ഥന്റെ മുഖത്തു നോക്കിപ്പറയാൻ പ്രാപ്തയായ ഒരു അധഃസ്ഥിത സ്ത്രീയെയാണ് നീലിയെന്ന കഥാപാത്രത്തിലൂടെ വടുതല നമുക്കു കാണിച്ചു തരുന്നത്. എത്രയെത്ര സ്ത്രീകൾ ഭീഷണികൾക്കു മുമ്പിൽ കീഴടങ്ങിയിട്ടുണ്ടാകണം! എന്നാൽ സ്ത്രീയുടെ മുഴുവൻ കരുത്തും ആവാഹിച്ചിരിക്കുന്ന

ഈ കഥ അധഃസ്ഥിതന്റെ പ്രതിരോധത്തിന്റെ പുതിയ പോർമുഖം തുറക്കുന്നത് നമുക്ക കാണാനാകും. സ്ത്രീയുടെ മാനത്തിനു വിലപറയുന്ന സവർണ്ണ തോന്നിവാസങ്ങൾക്ക് ശക്തമായ മറുപടി നൽകുന്ന മറ്റൊരു കഥയാണ് 'റിഹേഴ്സൽ'[33].

തുടുത്ത മുഖവും തുടിക്കുന്ന മാറിടവുമായി വടക്കുനിന്നും നടന്നു വരുന്ന കൊച്ചു പെണ്ണിനെ കണ്ട കുട്ടപ്പന്റെ ശരീരത്തിനു തീപ്പിടിച്ചു.

എന്തൊരഴക്! എന്തൊരു വികാരോത്തേജകത്വം! അയാൾ തന്നെത്തന്നെ മറന്നു. സമയം നട്ടുച്ചയാണ്. അവിടെങ്ങും ആരുമില്ല. അവളോട് ഒന്നു സംസാരിക്കണമെന്നേ അയാൾക്കുണ്ടായിരുന്നുള്ളൂ. എന്നാൽ അവൾ അടുത്തു വന്നപ്പോൾ ഒന്നും ചോദിക്കാൻ തോന്നിയില്ല. സ്വയം മറന്നതുപോലെ അയാളൊരു ലഹരിയിലായി. എന്താണു ചെയ്തതെന്നു ഓർമ്മിച്ചില്ല. അവളുടെ കൈ കരണത്തു പതിച്ചപ്പോൾ മാത്രമാണ് ബോധം നേരെവീണത്. മുഴുവൻ കരുത്തും ആവാഹിച്ച് അയാളുടെ കരണത്ത് ആഞ്ഞടിക്കുക മാത്രമല്ല അവൾ ചെയ്തത്, തൊള്ള തുറന്ന് ഉറക്കെ നിലവിളിക്കുകയും ചെയ്തു. അവളുടെ ജംബറിന്റെ മുൻഭാഗം കീറിയിരുന്നു. കൈത്തണ്ടയിൽ നിന്നും ചോര പൊടിയുന്നുണ്ടായിരുന്നു. എന്നിട്ടും അവർ ഈററപ്പുലിയെപ്പോലെ ചെറുത്തു നിൽക്കുകയായിരുന്നു. പരസ്യമായി തന്നെ അപമാനിച്ച ഒരാളെ കീഴാളസ്ത്രീ എങ്ങനെയാണ് പ്രതിരോധിച്ചതെന്ന് ഈ കഥയിൽനിന്നും വ്യക്തമാണ്. പരമ്പരാഗതമായി അധമബോധത്തിൽ ആഴ്ന്ന് വിധിയെപ്പഴിച്ച് കഴിയാതെ പ്രതിഷേധത്തിന്റെ തീജ്വാലകൾ സൃഷ്ടിക്കുന്ന കഥാപാത്രത്തെയാണ് വടുതല 'റിഹേഴ്സൽ' എന്ന കഥയിലൂടെ വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കുന്നത്.

മനയ്ക്കലെ കാര്യസ്ഥന് അടിയാത്തിയായ തളരിയെ കണ്ടപ്പോൾ അഭിനിവേശം അടക്കാനായില്ല. അവൾ തമ്പുരാന്റെ സ്വത്താണ്; അതുകൊണ്ടു തന്നെ അവൾ കാര്യസ്ഥനും അവകാശപ്പെട്ടതാണ്. എന്നാൽ അവൾ വഴങ്ങാൻ തയ്യാറായില്ല. പ്രകോപിതനായ അയാൾ അവളുടെ കയ്യിൽ കയറിപ്പിടിച്ചു. സർശക്തിയുമെടുത്ത് അവൾ കുതറി മാറാൻ ശ്രമിച്ചു. ഈ സമയത്താണ് അവളുടെ ഭർത്താവ് തിരുമങ്ങാടൻ അവിടെ എത്തിച്ചേർന്നത്. അയാൾ വേല കഴിഞ്ഞു വരികയാണ്. ഈ അതിക്രമം കണ്ട് അയാളുടെ ചോരതിളച്ചു. താൻ അടിയാനാണെന്നും അക്രമി തന്റെ കാര്യസ്ഥനാണെന്നുമുള്ള കാര്യം അയാൾ മറന്നുപോയി. ഈ പ്രതിരോധത്തിന്റെ കഥ പറയുന്നത്

'പുറത്തറിയിക്കാനാവാത്ത ദുഃഖം'[34] ആണ്. എന്നാൽ ഇവിടം കൊണ്ടു കഥ അവസാനിക്കുന്നില്ല. അടികൊണ്ട് പ്രാണനും കൊണ്ടോടിയ കാര്യസ്ഥൻ പകരം വീട്ടാൻ കാത്തിരുന്നു.

വൈകുന്നേരം കാര്യസ്ഥൻ എല്ലാം മറന്നതുപോലെ പെരുമാറി. രാത്രിയിൽ ഌമ്പിക്കൽ ചെന്ന് പലകയെടുത്തു തിരിച്ചു പോരണമെന്ന് തിരുമങ്ങാടനോട് അയാൾ ആവശ്യപ്പെട്ടു. രാവിലെ പോരെ എന്നു ചോദിച്ചതിന് രാത്രി തന്നെ ചെയ്യണമെന്നാണ് നിർദ്ദേശിച്ചത്. കാര്യസ്ഥൻ പകപോക്കുമെന്ന് തിരുമങ്ങാടന് ഉള്ളിൽ തോന്നിയിരുന്നു. അതുകൊണ്ടു തന്നെ അയാൾ ശ്രദ്ധാലുവായിരുന്നു. ഌമ്പിന്റെ പലക ഉയർത്തുന്ന സമയത്ത് കാര്യസ്ഥൻ ഒരു കത്തിയെടുത്ത് തിരുമങ്ങാടനെ കുത്തി. ഈ സമയത്ത് അയാൾക്ക് പ്രതിരോധിക്കാനാവില്ലെന്ന് കാര്യസ്ഥന് അറിയാമായിരുന്നു. കരുതിയിരുന്ന തിരുമങ്ങാടൻ അയാളുടെ കൈക്കു കടന്നുപിടിക്കുകയും ആഞ്ഞു വലിക്കുകയും ചെയ്തു. വെള്ളത്തിന്റെ കുത്തൊഴുക്കിലേക്ക് തല കുത്തി വീണ അയാൾ മുങ്ങി മരിച്ചു.

വട്ടുതലയുടെ കഥകളിലെല്ലാം കാണുന്നത്, സർവ്വമേഖലകളിൽ നിന്നും ബഹിഷ്കൃതരായ അധഃസ്ഥിതരുടെ ജീവിതമാണ്. അധികാരവും സമ്പത്തും കയ്യാളിയിരുന്ന ഉപരിവർഗത്തിന്റെ അടിച്ചമർത്തലുകൾ നൂററാണ്ടുകളായി അനുഭവിച്ചു വന്നവരായിരുന്നു അടിമകളെന്ന പൊതുനാമത്തിൽ അറിയപ്പെട്ടിരുന്ന അടിയാളജാതിക്കാർ. ജന്മി-നാടുവാഴി കൂട്ടുകെട്ട് ഇവരുടെ ജീവിതം ദുസ്സഹമാക്കി. ഭൂമിയോടൊപ്പം വാങ്ങാനും വിൽക്കാനും കഴിയുന്ന വെറും ഉപകരണങ്ങളായി മാത്രം അവർ ഇവിടെ ജീവിച്ചു. ഇത് മധ്യകാലഘട്ടത്തിലെ മാത്രം കാര്യമല്ല, ആധുനികകാലത്തും കേരളത്തിൽ കീഴാളർ ഇതേ ജീവിതം നയിച്ചവരായിരുന്നു. സമ്പത്ത്, വിദ്യാഭ്യാസം, കുലത്തൊഴിലിനുമപ്പുറത്ത് പുതിയ തൊഴിലിൽ ഏർപ്പെടൽ എന്നിവയെല്ലാം അധഃസ്ഥിതനു നിഷിദ്ധമായിരുന്നു. അസുഖം വന്നാൽ പോലും അവർക്ക് ജോലിയിൽ നിന്നും വിട്ടു നിൽക്കാൻ കഴിയുമായിരുന്നില്ല. സ്ത്രീകളുടെ കാര്യം ഇതിലും ദുരിതപൂർണ്ണമായിരുന്നു. കഠിനാധ്വാനത്തിനു പുറമെ തങ്ങളുടെ അഭിമാനവും ജന്മിക്കു മുമ്പിൽ സമർപ്പിക്കേണ്ട ഗതികേടിലായിരുന്നു സ്ത്രീകൾ. ഇവയെല്ലാം കേരളത്തിലെ ചരിത്രരേഖകളിൽ അടയാളപ്പെടുത്തപ്പെട്ടവയാണ്. ചരിത്രവസ്തുതകളെ കഥാരൂപത്തിൽ അനുഭവതീവ്രതയോടെ അവതരിപ്പിക്കുമ്പോൾ അവയ്ക്ക് തീക്ഷ്ണത കൂടുന്നു. ഇത്തരത്തിലുള്ള കഥകളാണ് ടി.കെ.സി വട്ടുതലയെ മററു കഥാകാരന്മാരിൽനിന്നും വ്യത്യസ്തനാക്കുന്നത്.

സ്വന്തം അനുഭവങ്ങളിൽ നിന്നുകൊണ്ട് രചിക്കപ്പെട്ടപ്പോൾ അവയുടെ തീവ്രത പിന്നെയും വർധമാനമാകുന്നു. അതുകൊണ്ടുതന്നെ ഏതൊരു ചരിത്രവിദ്യാർത്ഥിയ്ക്കും ജാതിബന്ധങ്ങളെക്കുറിച്ച് പഠനം നടത്തുന്ന തിന് അനുയോജ്യമായ പാഠങ്ങളാണ് വട്ടുതലയുടെ മിക്കകഥകളും. കാരണം അവയ്ക്ക് ചരിത്രത്തിന്റെ പശ്ചാത്തലമുണ്ട്.

## Notes and references


1 Romila Thapar, Cultural Pasts, Oxford,2011, p.124

2 പ്രദീപൻ പാമ്പിരിക്കുന്ന്, സുകുമാരി, ചിന്ത, 2015,

3 A. L. Basham, The wonder that was India, Picador, 2004, p.150.

4 ഇ.എം.എസ്, കേരളചരിത്രം മാർക്സിസ്റ്റ് വീക്ഷണത്തിൽ,ചിന്ത, 1997, p.40.

5 P. K.V. Kaimal, Revolt of the Oppressed,pp.9-10.

6 എ.കെ. ഗോപാലൻ, എന്റെ ജീവിതകഥ, ചിന്ത, 1987,p.35.

7 T. H. P. ചെന്താരശ്ശേരി, അയ്യങ്കാളി, പ്രഭാത് ബുക്സ്, 1979,p.14.

8 K. K. Kusuman, Slavery in Travancore, Kerala Historical Society, Thiruvananthapuram,p.20.

9 കരിവേലി ബാബുക്കുട്ടൻ, പുലയർ : ചരിത്രവും വർത്തമാനവും, പൂർണ പബ്ലിഷേഴ്സ്, 2011, p.54.

10 തെക്കുംഭാഗം മോഹൻ, അടിമഗർജ്ജനങ്ങൾ, എൻ.ബി.എസ്, 2010, p.29.

11 ഡോ. ഇ.ജെ. തോമസ്, കേരളത്തിന്റെ സാമൂഹികഘടനയും രൂപാന്തര വും, ഡി.സി. ബുക്സ്, 1997, p.21.

12 ടി.കെ.അനിൽകുമാർ, മലയാളത്തിലെ കീഴാളപരിപ്രേക്ഷ്യം, സാഹിത്യ അക്കാദമി, 2004, p.90.

13 *Ibid*d., p.82.

14 പോത്തേരി കുഞ്ഞമ്പു, സരസ്വതീ വിജയം, ചിന്ത, 2013.

15 ടി.കെ.സി.വടുതല, തെരഞ്ഞെടുത്ത കഥകൾ,നാഷണൽ ബുക്സ് കോട്ടയം, 1981, pp.138-145.

16 *Ibid*., p.142.

17 ടി.കെ.സി.വടുതല, *op.cit.*

18 Ibid., p.87.

19 19. ടി.കെ.സി.വടുതല, *op.cit.*, pp.319-323.

20 *Ibid*., p.320.

21 തെക്കുംഭാഗം മോഹൻ, *op.cit.*

22 ഇ. മാധവൻ, സ്വതന്ത്രസമുദായം, സാഹിത്യഅക്കാദമി, തൃശ്ശൂർ, 2011, p.90.

23 ടി.കെ.സി വടുതല, *op.cit.*, pp.190-195.

24 ഡോ.കെ.സുഗതൻ, ബുദ്ധമതവും ജാതി വ്യവസ്ഥയും, പ്രോഗ്രസ് പബ്ലി ക്കേഷൻ, കോഴിക്കോട്, 2011, p.177.

25 ടി.കെ.സി.വടുതല, *op.cit.,* p324-328.

26 *Ibid*., p.328.

27 ടി.കെ.സി.വടുതല, *op.cit*., pp. 119-130.

28 *Ibid*., p.125.

29 ടി.കെ.സി വടുതല, *op.cit*., pp.285-288.

30 *Ibid*., p.287.

31 ടി.കെ.സി.വടുതല, *op.cit*., pp.47-56.

32 *Ibid*., pp.5456.

33 ടി.കെ.സി വടുതല, *op.cit*., pp.289291.

34 *Ibid*., pp. 306-310.

ഡോ.സുധീർകുമാർ. പി
അസി.പ്രൊഫസർ
കെ.കെ.ടി.എം. ഗവ.കോളേജ്,
പുല്ലൂറ്റ്